# ജമാഅത്തെ ഇസ്‌ലാമി
# എഴുപത്- എൺപതുകളിൽ

1972-ൽ മൗലാനാ മുഹമ്മദ് യൂസുഫ് സാഹിബ് അമീറായി തെരഞ്ഞെടുക്കപ്പെട്ടതോടെ ജമാഅത്തിന്റെ ചരിത്രത്തിൽ പുതിയൊരു ഘട്ടത്തിനു തുടക്കം കുറിക്കപ്പെട്ടു. 1948 ഏപ്രിൽ മധ്യത്തിലായിരുന്നല്ലോ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി രൂപീകരിക്കപ്പെട്ടത്. അതു മുതൽ മൗലാനാ അബുല്ലൈസ് ഇസ്‌ലാഹി സാഹിബാണ് പ്രസ്ഥാനത്തിനു നേതൃത്വം നൽകിപ്പോന്നത്. പോയ കാൽ നൂറ്റാണ്ടു കാലത്തിനടക്ക് ജമാഅത്തിൽ സംഘടനാ തെരഞ്ഞെടുപ്പ് നടന്നിട്ടേയില്ലെന്ന ഇത് സൂചിപ്പിക്കുന്നത്. ഓരോ മീഖാത്തിലും (നിശ്ചിത കാലയളവ്) കൃത്യമായി സംഘടനാ തെരഞ്ഞെടുപ്പ് നടത്തുന്ന പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. ഈ പതിവ് ഒരിക്കലും അത് ലംഘിച്ചിട്ടില്ല. പിന്നീട് 'മീഖാത്തു'കളിൽ സംഘടനാ തെരഞ്ഞെടുപ്പ് നടന്നപ്പോഴെല്ലാം അബുല്ലൈസ് സാഹിബ് വീണ്ടും വീണ്ടും തെരഞ്ഞെടുക്കപ്പെടുകയായിരുന്നു. ജമാഅത്തംഗങ്ങൾക്ക് അദ്ദേഹത്തിന്റെ നേതൃത്വത്തിലുണ്ടായിരുന്ന മതിപ്പും വിശ്വാസവുമാണ് ഇത് വ്യക്തമാക്കുന്നത്.

പുതിയ അമീറിന്റെ അധ്യക്ഷതയിൽ പ്രഥമ ശൂറയോഗം 1972 ജൂൺ 7-ന് ചേർന്നു. ശൂറാ അംഗങ്ങളുമായി കൂടിയാലോചിച്ച ശേഷം ജനാബ് അഫ്സൽ ഹുസൈൻ സാഹിബിനെ 'ഖയ്യിം' ആയി നിയമിച്ചു. 'ഖയ്യിം' എന്നതിനു പകരമായി ഇംഗ്ലീഷിൽ 'സെക്രട്ടറി ജനറൽ' എന്നും 'മുആവിൻ ഖയ്യിം' എന്നതിനു പകരം 'സെക്രട്ടറി' എന്നും ഉപയോഗിക്കാമെന്നു തീരുമാനിച്ചത് ഈ ശൂറായോഗത്തിൽ വെച്ചാണ്.

താഴെ പറയുന്നവരെയാണ് സ്ക്രട്ടറിമാരായി നിയമിച്ചത്:

1. സയ്യിദ് ഹാമിദ് ഹുസൈൻ (ധനകാര്യം) -അസിസ്റ്റന്റ്: ജനാബ് അബ്ദുൽ അസീം.

2. സയ്യിദ് ഹാമിദലി (പ്രസിദ്ധീകരണം)

3. സയ്യിദ് ഹാമിദലി (അമുസ്‌ലിം വകുപ്പ്) -അസിസ്റ്റന്റ്: മൗലാനാ ഹബീബല്ല.

ജമാഅത്തിന്റെ ഔദ്യാഗിക സാഹിത്യങ്ങളെക്കുറിച്ചുള്ള സുപ്രധാനമായ ഒരു നയ വിശദീകരണവും ഈ ശൂറായോഗത്തിൽ നടത്തപ്പെട്ടു. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ 'ശുഅ്ബയെ തൻസീം' (സംഘടനാവകുപ്പ്) പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളും അവയുടെ പ്രാമാണികമായ പരിഭാഷകളും മാത്രമേ ജമാഅത്തിന്റെ പോളിസി പ്രോഗ്രാമിൽ നിശ്ചയിക്കപ്പെടുന്ന പുസ്തകങ്ങളെ 'ശുഅ്ബയെ തൻസീം' പ്രസിദ്ധീകരിക്കുകയുള്ളൂ എന്നും തീരുമാനിച്ചു. ഈ പുസ്തകങ്ങൾക്കു പുറമെ ജമാഅത്തിന്റെ കീഴിൽ നടത്തപ്പെടുന്ന പ്രസിദ്ധീകരണാലയങ്ങൾ പുറത്തിറക്കുന്ന പുസ്തകങ്ങൾ പ്രബോധന പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്താവുന്നതാണ്. പക്ഷേ, അവ ഔദ്യോഗിക സാഹിത്യങ്ങളായി പരിഗണിക്കപ്പെടുകയില്ല.

ഈ നയം വ്യക്തമാക്കുന്ന സമയത്ത് താഴെ പറയുന്ന എട്ടു പുസ്തകങ്ങളാണ് ഔദ്യാഗിക സാഹിത്യങ്ങളായി ഉണ്ടായിരുന്നത്. 1. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി ഭരണഘടന 2. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി പോളിസി പ്രോഗ്രാം (1972 ഏപ്രിൽ മുത് 1976 മാർച്ചു വരെ); 3. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി എന്ത് എന്തല്ല; 4. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി- ഒരു പരിചയം; 5. റൂദാദെ ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് (1948 - 1972); 6. റൂദാദെ മജ്‌ലിസ് ശാറാ ജമാഅത്തെ ഇസ്‌ലാമി ഹിന്ദ്; 7. ഇസ്‌ലാമിക പ്രബോധനം എന്ത്?; 8. INTRODUCTION TO JAMA-AT-E-ISLAMI HIND.

മുൻ അമീറിന്റെ അധ്യക്ഷതയിൽ ചേർന്ന അവസാനത്തെ ശൂറായോഗം അവസാനത്തെ മീഖാത്തിലേക്കുള്ള പോളിസിയും ചതുർവർഷ പരിപാടിയും തയാറാക്കുന്നതിനുവേണ്ടി ജനാബ് അഫ്സൽ ഹുസൈൻ സാഹിബ് കൺവീനറായി ഒരഞ്ചംഗ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. മൗലാനാ സദ്റുദ്ദീൻ ഇസ്‌ലാഹി, സയ്യിദ് ഹാമിദലി, അബ്ദു റസാഖ് ലത്തീഫി, മുഹമ്മദ് മുസ്‌ലിം സാഹിബ്, എന്നിവരായിരുന്നു കമ്മിറ്റിയിലെ മറ്റംഗങ്ങൾ. അമീറെ ജമാഅത്തിന്റെ കുറിപ്പുകളോടു കൂടിയായിരിക്കണം കമ്മിറ്റി പോളിസി പ്രോഗ്രാമിനെക്കുറിച്ച തങ്ങളുടെ ശുപാർശകൾ സമർപിക്കുന്നത് എന്നും തീരുമാനമുണ്ടായിരുന്നു. തദ്ടിസ്ഥാനത്തിൽ അമീറെ ജമാഅത്തിന്റെ റിമാർക്സുകളോടുകൂടിയ കമ്മിറ്റിയുടെ നിർദേശങ്ങൾ ശൂറയിൽ അവതരിപ്പിക്കപ്പെട്ടു.

പോളിസി പ്രോഗ്രാമിനെക്കുറിച്ചുള്ള ചർച്ചയിൽ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതു സംബന്ധിച്ച പ്രശ്നം പൊന്തിവരികയുണ്ടായെങ്കിലും സമയക്കുറവുമൂലം അത് മറ്റൊരവസരത്തിലേക്ക് നീട്ടിവെക്കുകയാണുണ്ടായത്.

ജമാഅത്തെ ഇസ്‌ലാമിയുടെ ഒരു 'മീഖാത്ത്' നാലു വർഷമാണ്. ഇതനുസരിച്ച് 1976-ൽ വീണ്ടും സംഘടനാ തെരഞ്ഞെടുപ്പ് നടക്കേണ്ടതായിരുന്നു. എന്നാൽ, 1975 ജൂലൈയിൽ രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടതു മൂലം 1978-ലേ തെരഞ്ഞെടുപ്പ് നടത്താൻ സാധിക്കുകയുണ്ടായുള്ളൂ. ഈ തെരഞ്ഞെടുപ്പിലും മൗലാനാ മുഹമ്മദ് യൂസുഫ് സാഹിബ് തന്നെ അമീറായി വന്നു.

1978 ഫെബ്രുവരി 17-22 തിയതികളിൽ അമീർ മുഹമ്മദ് യൂസുഫ് സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന ശൂറാ യോഗത്തിന്റെ അജണ്ടയിലെ മുഖ്യ ഇനം പുതിയ മീഖാത്തിലേക്കുള്ള പോളിസി, പ്രോഗ്രാം ചർച്ചചെയ്ത് അംഗീകരിക്കുകയായിരുന്നു. മൗലാനാ അബുല്ലൈസ് ഇസ്‌ലാഹി, മൗലാനാ സദ്റുദ്ദീൻ ഇസ്‌ലാഹി, മൗലാനാ ഹാമിദ് അലി, ഡോക്ടർ അബ്ദുൽ ഹഖ്, സയ്യിദ് ഹാമിദ് ഹുസൈൻ, ജനാബ് മുഹമ്മദ് മുസ്‌ലിം, ജനാബ് ടി.കെ. അബ്ദുല്ല സാഹിബ്, ജനാബ് അഫ്സൽ ഹുസൈൻ സാഹിബ് (കൺവീനർ) എന്നിവരടങ്ങുന്ന കമ്മിറ്റിയാണ് പോളിസി പ്രോഗ്രാം തയാറാക്കിയിരിക്കുന്നത്.

1974 ജൂൺ 18-ന് ബാംഗ്ലൂരിൽ ചേർന്ന മജ്‌ലിസ് ശൂറാ യോഗം മൗലാനാ മൗദൂദിയുടെ തഫ്ഹീമുൽ ഖുർആൻ സംഗ്രഹിച്ചെഴുതാൻ മൗലാനാ സദ്റുദ്ദീൻ ഇസ്‌ലാ

ഹിയെ ചുമതലപ്പെടുത്തുകയും അദ്ദേഹം പണി ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ മൗദൂദിയുടെ അനുമതി ലഭിക്കാതിരുന്നതുമൂലം ഇടക്ക് അത് നിന്നുപോയി. ഇപ്പോൾ മൗദൂദിയുടെ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അത് പൂർത്തീകരിക്കാൻ യോഗം സദ്റുദ്ദീൻ സാഹിബിനോട് ആവശ്യപ്പെട്ടു. അതോടൊപ്പം തഫ്ഹീമുൽ ഖുർആന് മൗദൂദി സ്വയം തന്നെ തയാറാക്കിയ സംഗ്രഹമായ തർജുമയെ ഖുർആന്റെ ഹിന്ദി പതിപ്പ് പുറത്തിറക്കാനും തീരുമാനിച്ചു.

**അടിയന്തരാവസ്ഥ**

എഴുപതുകൾ ജമാഅത്തെ ഇസ്‌ലാമിയെസ്സംബന്ധിച്ചിടത്തോളം പരീക്ഷണത്തിന്റെ കാലഘട്ടമായിരുന്നു. ജമാഅത്തിനെ നിരോധിക്കണമെന്നുള്ള ശക്തിമത്തായ മുറവിളി കേട്ടുകൊണ്ടാണ് ഈ ദശകത്തിലേക്ക് പ്രസ്ഥാനം കാലടെത്തുവെച്ചതു തന്നെ. എ.ഐ.സി.സി. യാണ് ആദ്യം ഈ ആവശ്യം ഉന്നയിച്ചത്. പിന്നീട് മീറത്തിൽ വർഗീയ വിരുദ്ധ കൺമെൻഷനിൽ പങ്കെടുത്ത് പ്രസംഗിക്കവെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പറഞ്ഞു. ആർ.എസ്.എസിനെയും ജമാഅത്തിനെയും നിരോധിക്കാതെ വർഗീയത തുടച്ചുമാറ്റാൻ സാധ്യമല്ലെന്ന്. അതോടെ, കമ്യൂണിസ്റ്റ് സെക്യുലരിസ്റ്റു മാധ്യമങ്ങളും പ്രചണ്ഡമായ ജമാഅത്തു വിരുദ്ധ പ്രചാരവേലകൾ അഴിച്ചുവിട്ടു. 1971-ൽ ബംഗ്ലാദേശ് പ്രശ്നത്തെച്ചൊല്ലി ഇന്ത്യയും പാക്കിസ്ഥാനും ഇടഞ്ഞപ്പോൾ ഈ ജമാഅത്ത് വിരോധത്തിന് ശക്തികൂടി. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയെ പാക്കിസ്ഥാൻ ജമാഅത്തെ ഇസ്‌ലാമിയുടെ ഭാഗമാക്കി ചിത്രീകരിച്ചുകൊണ്ടായിരുന്നു പ്രചാരണം.

71 നവമ്പറിൽ മൗലാനാ അബുല്ലൈസ് ഇസ്‌ലാഹിയും മൗലാനാ മുഹമ്മദ് യൂസുഫ് സാഹിബുമടക്കമുള്ള ജമാഅത്തിന്റെ ഒട്ടേറെ കേന്ദ്ര-സംസ്ഥാന നേതാക്കൾ അറസ്റ്റു ചെയ്യപ്പെട്ടു.

എന്നാൽ, 1975 ജൂൺ 26-ന് രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടപ്പോഴാണ് ജമാഅത്തെ ഇസ്‌ലാമിയെ നിരോധിക്കണമെന്ന ചിലരുടെ ആഗ്രഹം നടപ്പിലായത്.

അങ്ങനെ ജമാഅത്തിന്റെ കേന്ദ്ര-സംസ്ഥാന നേതാക്കളടക്കം നൂറു കണക്കിന് പ്രവർത്തകർ ജയിലിലടക്കപ്പെട്ടു. ഓഫീസുകളും പ്രസിദ്ധീകരണാലയങ്ങളും മാത്രമല്ല, ചില പ്രവർത്തകരുടെ കടകളടക്കമുള്ള സ്വകാര്യസ്വത്തുക്കൾ പോലും സീൽവെക്കപ്പെട്ടു. പത്രങ്ങൾ നിരോധിക്കപ്പെട്ടു.

എന്നാൽ, ഒരു കണക്കിന് അടിയന്തരാവസ്ഥ ഗുണകരമായാണ് ഭവിച്ചത്. പ്രസ്ഥാനത്തിന് പല നേട്ടങ്ങളും അതുകൊണ്ടുണ്ടായി. അതുവഴി ധാരാളം മുസ്‌ലിംകൾക്കെന്നപോലെ അമുസ്‌ലിം സഹോദരങ്ങൾക്കും ഇസ്‌ലാമിനെയും ജമാഅത്തെ ഇസ്‌ലാമിയെയും പരിചയപ്പെടുത്താൻ സാധിച്ചു. കോടതി ഉദ്യോഗസ്ഥർ, ജയിൽ-പോലീസുദ്യോഗസ്ഥർ, പ്രതിപക്ഷ പാർട്ടികളിലെ ഉത്തരവാദപ്പെട്ട വ്യക്തികൾ എന്നിവർക്കെല്ലാം പ്രസ്ഥാനത്തെ പരിചയപ്പെടുത്തിക്കൊടുക്കാൻ ജയിലിലാക്കപ്പെട്ട പ്രവർത്തകർ ഈയവസരം വിനിയോഗിച്ചു. അവരിൽ നല്ല പ്രതികരണങ്ങളുണ്ടാവുകയു ചെയ്തു.

**ആർ.എസ്.എസുമായുള്ള ബന്ധം**

ഭരണകക്ഷിയിലെയും പ്രതിപക്ഷത്തെയും ധാരാളം പ്രമുഖ വ്യക്തികളുമായി അടിയന്തരാവസ്ഥക്കു മുമ്പു തന്നെ പല ജമാഅത്തു പ്രവർത്തകരും പരിചയപ്പെട്ടിരുന്നു. പലപ്പോഴായി നടന്ന കൂടിക്കാഴ്ചകളിലൂടെ ജമാഅത്തിനെ അവർക്കു പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്തിരുന്നു. എന്നാൽ, ആർ.എസ്.എസുമായി അടിയന്തരാവസ്ഥക്കു മുമ്പ് യാതൊരു തരത്തിലും ബന്ധപ്പെട്ടിരുന്നില്ല എന്നുവേണം പറയാൻ. അടിയന്തരാവസ്ഥയിൽ ജമാഅത്തു പ്രവർത്തകർ ജയിലിലടക്കപ്പെട്ടപ്പോൾ ആർ.എസ്.എസിന്റെ നൂറുക്കണക്കിന് പ്രവർത്തകരും നേതാക്കളും സഹതടവുകാരായുണ്ടായിരുന്നു. ഇതുമൂലം പ്രസ്തുത സംഘടനയുടെ എല്ലാ തട്ടുകളിലുംപെട്ട ആളുകളുമായി അടുത്തുകാണുവാനും വളരെ വിശദമായി പരസ്പരം മനസ്സിലാക്കുവാനും അവസരം ലഭിച്ചു. ജയിലിൽവെച്ചും ജയിൽമോചനത്തിനു ശേഷം അവരുടെ പത്രങ്ങളിലൂടെയും അവർ ജമാഅത്തിനെക്കുറിച്ച് നല്ല അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ ഈ ബന്ധം കാരണമായി. ജമാഅത്തിനോടു വിരോധമുള്ള കമ്യൂണിസ്റ്റുകളും സെക്യുലരിസ്റ്റുകളും മറ്റും അടിയന്തരാവസ്ഥവരെ ഉന്നയിച്ചിരുന്ന ഒരാരോപണം ആർ.എസ്.എസിന്റെ വളർച്ചക്കു കാരണം ജമാഅത്തെ ഇസ്‌ലാമിയാണെന്നായിരുന്നു. അടിയന്തരാവസ്ഥക്കു ശേഷം ആർ.എസ്.എസുകാർ ജമാഅത്തിനെക്കുറിച്ച് നല്ല അഭിപ്രായങ്ങൾ പറയാൻ തുടങ്ങിയത് ഇവരുടെ ആരോപണങ്ങളുടെ ദൗർബല്യം തുറന്നു കാട്ടി. അപ്പോൾ അവർ പുതിയ ചില ആരോപണങ്ങളുമായി രംഗത്തുവന്നു. ജമാഅത്തും ആർ.എസ്.എസും രഹസ്യ ധാരണയിൽ ഏർപ്പെട്ടിരിക്കുകയാണെന്നായിരുന്നു ഒരു പ്രചാരണം. ജംഷഡ്പൂർ കലാപം ആർ.എസ്.എസിന്റെയും ജമാഅത്തിന്റെയും കൂട്ടു സംരംഭമാണെന്നുവരെ ആരോപിക്കപ്പെട്ടു. ഈ ആരോപണം ചില മുസ്‌ലിം സംഘടനകളും പിന്നീട് ഏറ്റുപിടിക്കുകയുണ്ടായെന്നത് ഏറെ ഖേദകരമാണ്. എന്നാൽ പരസ്പരം അടുത്തു മനസ്സിലാക്കി ശത്രുതയുടെ അന്തരീക്ഷം മാറ്റിയെടുക്കുകയും രാജ്യനിവാസികളുടെ പൊതുക്ഷേമത്തിന് സഹകരണം തേടുകയുമായിരുന്നു ജമാഅത്ത് ആർ.എസ്.എസുമായി ചില തലങ്ങളിൽ പുലർത്തിയ ബന്ധത്തിന്റെ സാരാംശമെന്നതായിരുന്നു വാസ്തവം. ജമാഅത്ത് അമീറും മറ്റു നേതാക്കളും ഇക്കാര്യം പലതവണ വ്യക്തമാക്കുകയുണ്ടായി.

1979-ൽ പാക് പ്രധാനമന്ത്രി സുൽഫിക്കർ അലി ഭൂട്ടോ തൂക്കിലേറ്റപ്പെട്ടപ്പോൾ നാട്ടിലാകെ ഉണ്ടായ വൈകാരികാന്തരീക്ഷം ജമാഅത്തിനെതിരിൽ ഉപയോഗപ്പെടുത്താൻ കമ്യൂണിസ്റ്റുകൾ കൊണ്ടുപിടിച്ച ശ്രമം നടത്തുകയുണ്ടായി. ജമാഅത്തിനോടുള്ള ശത്രുതയും വിരോധവും പ്രകടിപ്പിക്കാൻ കിട്ടുന്ന ഒരവസരവും അവർ പാഴാക്കുന്നില്ലെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമായിരുന്നു അത്. വാസ്തവത്തിൽ പാക്കിസ്ഥാനിൽ നടന്ന ആ സംഭവത്തിൽ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിക്ക് യാതൊരു ബന്ധവുമില്ലെന്ന് ആർക്കും വ്യക്തമായ കാര്യമായിരുന്നു.

**മൗദൂദിയുടെ നിര്യാണം**

1979 സെപ്റ്റമ്പർ 22-ന് ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപകനായ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി അന്തരിച്ചു. ഡൽഹിയിൽ ജമാഅത്തിന്റെ കേന്ദ്ര മജ്‌ലിസ്ശൂറ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോഴാണ് മരണവാർത്ത അറിഞ്ഞത്. സെപ്റ്റമ്പർ 23-ന് പാസാക്കിയ അനുശോചന പ്രമേയത്തിൽ, മൗലാനാ മൗദൂദി ദീനിനും സമുദായത്തിനും ചെയ്ത മഹത്തായ സേവനങ്ങളെ ശൂറ അനുസ്മരിക്കുകയുണ്ടായി. അടുത്തദിവസം അമീർ മൗലാനാ മുഹമ്മദ് യൂസുഫ് സാഹിബിന്റെ നേതൃത്വത്തിൽ ശൂറാ അംഗങ്ങൾ പാക്കിസ്ഥാനിൽ ചെന്ന് മൗദൂദിയുടെ മയ്യിത്ത് സംസ്കരണചടങ്ങിൽ പങ്കെടുക്കുകയും മൗദൂദിയുടെ കുടുംബത്തെയും പാക് ജമാഅത്തെ ഇസ്‌ലാമിയുടെ നേതാക്കളെയും കണ്ട് അനുശോചനം അറിയിക്കുകയും ചെയ്തു.

മൗദൂദിയുടെ വിയോഗം ജമാഅത്തിന് നികത്താനാവാത്ത നഷ്ടമാണെന്ന് പറയേണ്ടതില്ല. ഇന്ത്യാ വിഭജനത്തിനു ശേഷം പാക്കിസ്ഥാനിലേക്കു പോയ മൗലാനാ മൗദൂദിക്ക് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുമായി സംഘടനാപരമായ ബന്ധമൊന്നും ഉണ്ടായിരുന്നില്ല. എങ്കിലും അദ്ദേഹത്തിന്റെ ചിന്തകൾ ലോകത്തിലെ മറ്റേത് ഇസ്‌ലാമിക സംഘടനക്കുമെന്ന പോലെ, ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിക്കും വെളിച്ചം നൽകിപ്പോന്നു. വിഭജത്തിനു ശേഷം മൗദൂദി ഒരിക്കലും ഇന്ത്യ സന്ദർശിച്ചട്ടില്ല. 1974-ൽ ഡൽഹിയിൽ സംഘടിപ്പിക്കപ്പെട്ട ജമാഅത്തിന്റെ അഖിലേന്ത്യാ സമ്മേളനത്തിൽ അദ്ദേഹം പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നു. എന്നാൽ പാക്കിസ്ഥാൻ ഗവൺമെന്റ് പാസ്പോർട്ട് അനുവദിക്കാത്തതിനാൽ അദ്ദേഹത്തിന് സാധിക്കുകയുണ്ടായില്ല.

**അഖിലേന്ത്യാ സമ്മേളനങ്ങൾ**

1974 നവമ്പർ 8, 9, 10 തിയതികളിൽ

ഡൽഹിയിലും 1981 ഫെബ്രുവരി 20, 21, 22 തിയതികളിൽ ഹൈദരാബാദിലും സംഘടിപ്പിക്കപ്പെട്ട അഖിലേന്ത്യാ സമ്മേളനങ്ങൾ ഈ കാലയളവിലെ പ്രധാന സംഭവങ്ങളായിരുന്നു. ജമാഅത്തെ ഇസ്‌ലാമിയുടെ മാത്രമല്ല, ഇന്ത്യൻ മുസ്‌ലിംകളുടെ തന്നെ ചരിത്രത്തിൽ പുതിയൊരധ്യായമായിരുന്നു ഡൽഹി സമ്മേളനം. ഇന്ത്യയിലെ വിവിധ മുസ്‌ലിം സംഘടനകളെ ഒരേ വേദിയിൽ അണിനിരത്താൻ ഈ സമ്മേളനത്തിന് സാധിച്ചു. ജംഇയ്യത്തുൽ ഉലമക്ക് ജമാഅത്തുമായുണ്ടായിരുന്ന ചിരകാല വൈരം വലിയൊരളവോളം ദൂരീകരിക്കപ്പെട്ടത് സമ്മേളനത്തിന്റെ വലിയൊരു നേട്ടമായിരുന്നു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള 38 മുസ്‌ലിം പണ്ഡിതന്മാരും നേതാക്കളും സമ്മേളനത്തിൽ പങ്കെടുത്തു. പുറമെ, മൗലാനാ മൗദൂദി, മർയം ജമീല, തുങ്കു അബ്ദു റഹ്മാൻ, യാസിർ അറഫാത്ത്, യൂസുഫുൽ ഖറദാവി തുടങ്ങിയ പല പ്രമുഖരും സന്ദേശമയക്കുകയും ചെയ്തു. സമ്മേളനാനന്തരം വിവിധ നാടുകളിൽ നിന്നു വന്ന മുസ്‌ലിം നേതാക്കൾ ഡൽഹിയിൽ ഒരന്താരാഷ്ട്ര മുസ്‌ലിം കോൺഫ്രൻസ് ചേരുകയും ലോക മുസ്‌ലിംകളുടെ പൊതു പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. ഈ സമ്മേളനവും സമ്മേളനത്തോടനുബന്ധിച്ച് അമീർ യൂസുഫ് സാഹിബ് വിവിധ രാജ്യങ്ങളിൽ നടത്തിയ പര്യടനവും ജമാഅത്തിനെക്കുറിച്ച് വിദേശങ്ങളിൽ നല്ല മതിപ്പുണ്ടാക്കി.

ഹൈദരാബാദ് സമ്മേളനത്തിൽ രാജ്യത്തിന്റെ നാനാ ഭാഗങ്ങളിൽനിന്നായി ആറായിരം പ്രതിനിധികളും രണ്ടു ലക്ഷത്തിലധികം പൊതു ശ്രോതാക്കളും സംബന്ധിക്കുകയുണ്ടായി. രാജ്യത്തെയും വിദേശ നാടുകളിലെയും പത്രങ്ങളും റേഡിയോ-ടി.വി.കളും വലിയ പ്രാധാന്യത്തോടെ സമ്മേളനം കവർ ചെയ്യുകയുണ്ടായി. രാജ്യത്തെ വിവിധ പ്രാദേശിക ഭാഷകളിൽ ഖുർആൻ പരിഭാഷകൾ തയാറാക്കാനുള്ള പദ്ധതിയുടെ ഭാഗമെന്ന നിലക്ക് പന്ത്രണ്ടു ഭാഷകളിലുള്ള ഖുർആൻ പരിഭാഷകൾ സമ്മേളനത്തിൽവെച്ച് പ്രകാശനം ചെയ്യപ്പെട്ടത് എടുത്തുപറയത്തക്ക ഒരു നേട്ടമാണ്.

വിവിധ രാജ്യങ്ങളിൽനിന്നായി 20-ഓളം വിദേശപ്രതിനിധികൾ സമ്മേളനത്തിൽ സംബന്ധിച്ചു. പിന്നീട്, ഇറാൻ ഇസ്‌ലാമിക് റിപ്പബ്ലിക്കിന്റെ പ്രസിഡന്റും ആയത്തുല്ലാ ഖുമൈനിയുടെ മരണശേഷം അദ്ദേഹത്തിന്റെ പൻഗാമിയും ആയിത്തീർന്ന ആയത്തുല്ലാ അലി ഖാംനയിയുടെയും സൈനബുൽ ഗസ്സാലിയുടെയും സാന്നിധ്യം ഈ സമ്മേളനത്തിലെ അവിസ്മരണീയമായ അനുഭവങ്ങളായിരുന്നു.

**'ഇരുപത്തേഴു വർഷവും' ഭോപാൽ സമ്മേളനവും**

'ജമാഅത്തെ ഇസ്‌ലാമിയുടെ ഇരുപത്തേഴു വർഷം' എന്ന ലഘുലേഖ ഈ കാലയളവിലാണ് തയാറാക്കപ്പെട്ടത്. ജമാഅത്തിന്റെ പിന്നിട്ട വർഷങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്ന ഈ കൊച്ചു ഗ്രന്ഥം അംഗങ്ങൾക്കു മാത്രമായി തയാറാക്കപ്പെട്ടതാണ്. പിന്നിട്ട നാളുകളെക്കുറിച്ച് ആത്മാർഥമായി വിലയിരുത്തുകയും തെറ്റുകൾ തിരുത്തി മുന്നോട്ടു നീങ്ങുകയും ചെയ്യാനുള്ള ധീരമായ സംരഭമെന്ന നിലക്ക് ഈ കൃതി ജമാഅത്തിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലത്രെ.

1978 മേയ് 31-ന് ഭോപാലിൽ ചേർന്ന ജമാഅത്ത് അംഗങ്ങളുടെ സമ്മേളനവും ശ്രദ്ധേയമായ ഒരു സംഭവമായിരുന്നു. ജമാഅത്തെ ഇസ്‌ലാമി തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതു സംബന്ധിച്ച് അംഗങ്ങൾക്കിടയിൽ അഭിപ്രായ സമന്വയമുണ്ടാക്കുകയായിരുന്നു സമ്മേളനത്തിന്റെ മുഖ്യ ലക്ഷ്യം. 1975 നവമ്പറിൽ ചേരാൻ നിശ്ചയിച്ചിരുന്ന ഈ സമ്മേളനം അതിനിടെ അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടതു മൂലമാണ് ഇത്രയും നീണ്ടുപോയത്. തെരഞ്ഞെടുപ്പ് പ്രശ്നം സംബന്ധിച്ച് പ്രസ്ഥാനത്തിനകത്ത് വിശദമായും വിപുലമായും നടത്തപ്പെട്ട ചർച്ച എന്ന നിലക്ക് ഇത് പ്രാധാന്യമർഹിക്കുന്നു.

**അബുല്ലൈസ് വീണ്ടും അമീർ**

1981 ഒക്ടോബറിൽ മൗലാനാ അബുല്ലൈസ് ഇസ്‌ലാഹി തന്നെ വീണ്ടും അമീറായി വന്നു. സ്റ്റുഡന്റ്സ് ഇസ്‌ലാമിക് ഓർഗനൈസേഷൻ (SIO) എന്ന പേരിൽ ജമാഅത്തിന് അഖിലേന്ത്യാ തലത്തിൽ ഒരു വിദ്യാർഥി വിംഗ് രൂപീകരിക്കപ്പെട്ടതും വോട്ടവകാശം വിനിയോഗിക്കുന്നതിന് ജമാഅത്ത് അംഗങ്ങളുടെ മേലുണ്ടായിരുന്ന വിലക്ക് എടുത്തുകളഞ്ഞതും ഈ കാലയളവിലെ പ്രധാന സംഭവങ്ങളാണ്.

വിദ്യാർഥികൾക്കുവേണ്ടി പ്രത്യേക ഹൽഖകൾ രൂപീകരിച്ച് ഉദ്ദേശ്യപൂർവമായ പ്രവർത്തനങ്ങൾ ജമാഅത്ത് സംഘടിപ്പിച്ചു വന്നിരുന്നു. 1981-ലെ കക്കനുസരിച്ച് ഇത്തരം 270 വിദ്യാർഥി ഹൽഖകളും 45 വിദ്യാർഥിനി ഹൽഖകളും ജമാഅത്തിന്റെ കീഴിൽ ഉണ്ടായിരുന്നു. ഇതിനുപുറമെ, ഏതാണ്ട് ഹൽഖകളുടെ സ്വഭാവത്തിൽ തന്നെ പ്രവർത്തിച്ചുവന്ന വിദ്യാർഥി സംഘടനകളും ചില സ്ഥലങ്ങളിൽ നിലവിൽ വന്നിരുന്നു. ഈ സംഘടനകളിൽ ചിലത് സഹകരിച്ചുകൊണ്ട് 1977-ൽ സ്റ്റുഡന്റ്സ് ഇസ്‌ലാമിക് മൂവ്മെന്റ് ഓഫ് ഇന്ത്യ (SIMI) എന്ന പേരിൽ അഖിലേന്ത്യാടിസ്ഥാനത്തിലുള്ള ഒരു വിദ്യാർഥി സംഘടനക്ക് രൂപം നൽകി. സിമിയുടെ മുഖ്യ സംഘാടകനായിരുന്ന ഡോക്ടർ അഹ്മദുല്ലാ സിദ്ധീഖിയുടെ ഒരു കത്തിന്റെ അടിസ്ഥാനത്തിൽ 1977 മേയ് 6-11നു ചേർന്ന കേന്ദ്ര മജ്‌ലിസ്ശൂറ സിമിക്ക് ജമാഅത്തിന്റെ 'ധാർമിക സഹകരണം' വാഗ്ദാനം ചെയ്തു. എന്നാൽ, സിമിയെ ജമാഅത്തിന്റെ ഔദ്യോഗിക വിദ്യാർഥിവിംഗായി അംഗീകരിച്ചിരുന്നില്ല. സിമി നിലവിലുള്ളപ്പോൾ തന്നെ ജമാഅത്തിന്റെ വിദ്യാരഥി ഹൽഖകളും പ്രവർത്തിച്ചിരുന്നു. എന്നാൽ, സിമിയും വിദ്യാർഥി ഹൽഖകളും തമ്മിൽ ഉരസലും ഏറ്റുമുട്ടലുകളും ഇല്ലാതാക്കാൻ ജമാഅത്ത് ശ്രമിക്കുകയുണ്ടായി.

1981-86-ലെ പോളിസി പ്രോഗ്രാമിൽ ജമാഅത്തിന്റെ രക്ഷാധികാരത്തിൽ ഒരു വിദ്യാർഥിസംഘടന രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതനുസരിച്ച് സിമിയുമായും വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിച്ചു വന്നിരുന്ന മറ്റു വിദ്യാർഥി സംഘടനകളുമായും ചർച്ച ചെയ്ത ശേഷം 1983 ആഗസ്റ്റിൽ എസ്.ഐ.ഒ. രൂപീകരിക്കപ്പെട്ടു. എന്നാൽ, സിമി ഒരു സ്വതന്ത്ര വിദ്യാർഥി സംഘടനയായി നിലകൊള്ളാനാണ് തീരുമാനിച്ചത്. എസ്.ഐ.ഒ. നിലവിൽ വന്നശേഷം വിദ്യാർഥി ഹൽഖകൾ എസ്.ഐ.ഒയിൽ ലയിക്കുകയും ആ സംവിധാനം മേലിൽ ആവശ്യമില്ലെന്ന് തീരുമാനിക്കുകയും ചെയ്തു.

**തെരഞ്ഞെടുപ്പ്**

അനുയോജ്യമായ സമയത്ത് തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതാണെന്ന തീരുമാനം ജമാഅത്ത് നേരത്തെ തന്നെ കൈകൊണ്ടിരുന്നു. എന്നാൽ സാഹചര്യം പാകമാകാത്തതുകൊണ്ട് പ്രസ്തുത തീരുമാനം ഇതുവരെ നടപ്പിലാക്കപ്പെട്ടിട്ടില്ല. തെരഞ്ഞെടുപ്പുകളിൽ ജമാഅത്തംഗങ്ങൾ വോട്ടവകാശം വിനിയോഗിക്കുന്നതു സംബന്ധിച്ച ചർച്ചയും പലപ്പോഴായി നടത്തപ്പെടുകയുണ്ടായെങ്കിലും അതു സംബന്ധിച്ച് ഒരു തീരുമാനത്തിലെത്താൻ കഴിഞ്ഞിരുന്നില്ല. അടിയന്തരാവസ്ഥക്കുശേഷം 1977-ൽ നടന്ന പൊതു തെരഞ്ഞെടുപ്പിൽ ജമാഅത്തംഗങ്ങൾ വോട്ടു ചെയ്യുകയുണ്ടായെങ്കിലും അത് പ്രത്യേക സാഹചര്യത്തിൽ നൽകപ്പെട്ട താൽക്കാലിക അനുവാദം മാത്രമായിരുന്നു. 1985 ഫെബ്രുവരി 15-20നു ചേർന്ന മജ്‌ലിസ്ശൂറയാണ് വോട്ടവകാശം വിനിയോഗിക്കുന്നതിന് അംഗങ്ങളുടെമേൽ ഉണ്ടായിരുന്ന വിലക്ക് എടുത്തുകളഞ്ഞത്.

**ഹിന്ദി വകുപ്പ്**

ജമാഅത്ത് കേന്ദ്ര ഓഫീസിൽ ഹിന്ദി ഡിപ്പാർട്ട്മെന്റ് ആരംഭിച്ചതും ഈ കാലയളവിലാണ്. ഹിന്ദി വായനക്കാരായ ആളുകൾക്ക് ഇസ്‌ലാമിനെയും ജമാഅത്തെ ഇസ്‌ലാമിയെയും പരിചയപ്പെടുത്തുന്നതിനുള്ള പുസ്തകങ്ങളും മറ്റും തയാറാക്കുകയാണ് ഈ വകുപ്പുകൊണ്ടുദ്ദേശിക്കുന്നത്. മുഹമ്മദ് ഫാറൂഖ് ഖാൻ സാഹിബിനെ ഈ വകുപ്പിന്റെ ഡയറക്ടറായും നസീം ഗാസി സാഹിബിനെ അദ്ദേഹത്തിന്റെ അസിസ്റ്റന്റായും നിയമിച്ചു.

**പ്രബോധനത്തിനു പ്രാധാന്യം**

1981-86 ലെ പോളിസിയിൽ ശ്രദ്ധേയമായ ഒരു മാറ്റം വരുത്തിയത് ഇവിടെ

സ്മർത്തവ്യമാണ്. പ്രബോധന (ദഅ്‌വത്ത്) പ്രവർത്തനത്തിന് നൽകപ്പെട്ട ഊന്നലാണ ത്. പോളിസി പ്രോഗ്രാമിൽ മുസ്‌ലിംകളിലെ പ്രവർത്തനങ്ങളാണ് ഇതുവരെ ഒന്നാം സ്ഥാനത്ത് പരാമർശിക്കപ്പെട്ടിരുന്നത്. 81-ലെ പോളിസിയിൽ അമുസ്‌ലിംകളിലെ പ്രവർത്തനങ്ങൾക്കു പ്രഥമ സ്ഥാനവും മുസ്‌ലിംകളിലെ പ്രവർത്തനങ്ങൾക്ക് ദ്വിതീയ സ്ഥാനവും നൽകപ്പെട്ടു. പദപ്രയോഗത്തിലും സൂക്ഷ്മമമായ ഒരു മാറ്റം വരുത്തുകയുണ്ടായി. 'അമുസ്‌ലിംകളിലെ പ്രവർത്തനം' എന്ന മുൻ മീഖാത്തുകളിലെ പോളിസി പ്രോഗ്രാമുകളിലെ പ്രയോഗത്തിനു പകരം 'ദഅ്‌വത്ത്' (പ്രബോധനം) എന്ന പദം സ്വീകരിക്കപ്പെട്ടു. പ്രബോധന പ്രവർത്തനങ്ങളുടെ പ്രാധാന്യത്തിൽ ഊന്നുന്നതിനു വേണ്ടിയാണ് ഇങ്ങനെ ചെയ്തത്.

**വോട്ടവകാശ വിനിയോഗം**

1986 ഏപ്രിൽ മുതൽ 1990 മാർച്ച് വരെയുള്ള മീഖാത്തിലും മൗലാനാ അബുല്ലൈസ് സാഹിബ് തന്നെയാണ് ജമാഅത്തിനു നേതൃത്വം നൽകിയത്. 1985-ൽ വോട്ടവകാശം വിനിയോഗിക്കുന്നതിലുള്ള വിലക്ക് എടുത്തുകളഞ്ഞതിനു ശേഷം 87-ൽ അസംബ്ലി, പാർലമെന്റ്, തദ്ദേശ ഭരണസമിതികൾ എന്നിവയിലേക്കു നടന്ന തെരഞ്ഞെടുപ്പുകളിൽ ജമാഅത്തംഗങ്ങൾ ആദ്യമായി വോട്ടുചെയ്തു. മൂല്യബോധമുള്ള സ്ഥാനാർഥികൾക്ക് വോട്ട് നൽകുകയെന്ന ജമാഅത്തിന്റെ നിലപാട് രാജ്യമാകെ ചർച്ച ചെയ്യപ്പെട്ടു. മാർകിസ്റ്റ്-ഫാസിസ്റ്റ് കക്ഷികൾക്ക് ജമാഅത്ത് വോട്ടു നൽകുകയുണ്ടായില്ല.

**കാർകൂൻ**

ജമാഅത്തെ ഇസ്‌ലാമിക്ക് അംഗങ്ങളും (റുക്ൻ) അനുഭാവികളും (മുത്തഫിഖ്) ആണ് ഇതുവരെ ഉണ്ടായിരുന്നത്. അവർ നിശ്ചിത ഫോറം പൂരിപ്പിക്കേണ്ടതുണ്ടായിരുന്നു. 86-ലെ പോളിസി പ്രോഗ്രാമനുസരിച്ച് റുകുനുകൾക്കും മുത്തഫിഖുകൾക്കുമിടയിൽ 'കാർകൂൻ' (പ്രവർത്തകൻ) എന്ന പുതിയൊരു തസ്തിക ഉണ്ടാക്കി. 'പ്രവർത്തകൻ' നിശ്ചിത ഫോറം പൂരിപ്പിക്കണമെന്നും വ്യവസ്ഥവെച്ചു. നേരത്തെ 'മുത്തഫിഖു'കൾക്കുണ്ടായിരുന്നതിനേക്കാൾ കുറേക്കൂടി കർശനമായ വ്യവസ്ഥയാണ് 'കാർകൂനുകൾ'ക്കുള്ളത്.

**നേതൃമാറ്റം**

1990 മേയിൽ മൗലാനാ സിറാജുൽ ഹസൻ സാഹിബ് അമീറായി തെരഞ്ഞെടുക്കപ്പെട്ടതോടെ ജമാഅത്തിൽ മറ്റൊരു സുപ്രധാനഘട്ടം ആരംഭിച്ചിരിക്കയാണ്. സംഘടനാതലത്തിൽ സാരമായ അഴിച്ചുപണികൾ നടത്തിക്കൊണ്ടാണ് പുതിയ അമീർ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചത്. ചെറുപ്പക്കാരനായ മുഹമ്മദ് ജാഫർ സാഹിബിനെ സെക്രട്ടറി ജനറലായി നിയമിച്ചു. മൂന്ന് അസിസ്റ്റന്റ് അമീറുമാരെ നിയമിച്ച്, അമീറിന്റെ ചുമതലകൾ വിഭജിക്കുകയും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്തു.

മുമ്പ് സംസ്ഥാനങ്ങളുടെ അമീറായി പ്രവർത്തിച്ചുകൊണ്ടിരുന്ന നാലുപേരെ പുതിയ അമീർ കേന്ദ്രത്തിലേക്ക് വിളിച്ചു: ബീഹാർ അമീറായിരുന്ന മുഹമ്മദ് ജാഫർ സാഹിബ് (സെക്രട്ടറി ജനറൽ), ആന്ധ്രപ്രദേശ് അമീറായിരുന്ന അബ്ദുൽ അസീസ് സാഹിബ് (അസി. അമീർ), മഹാരാഷ്ട്രാ അമീറായിരുന്ന റഷീദ് ഉസ്മാനി സാഹിബ് (തർബിയ്യത്ത്), തമിഴ്നാട് ഹൽഖാ അമീറായിരുന്ന ഇഅ്ജാസ് അസ്‌ലം സാഹിബ് (സെക്രട്ടറി). സംസ്ഥാന ഹൽഖാ നേതൃത്വത്തിലും യുവരക്തങ്ങളെ അണിനിരത്തുന്നതിന് അദ്ദേഹം ശ്രമിക്കുകയുണ്ടായി. അമീറായി ചാർജെടുത്ത ആദ്യവർഷംതന്നെ വിവിധ സംസ്ഥാനങ്ങളിൽ വിപുലമായ പര്യടനം നടത്തി പ്രവർത്തനങ്ങൾക്ക് ഊർജസ്വലത പകരാനും അദ്ദേഹം ശ്രമിക്കുകയുണ്ടായി.

**പ്രവർത്തനങ്ങൾ**

എഴുപതുകളിലും എൺപതുകളിലും ജമാഅത്ത് വിവിധ തലങ്ങളായി നടത്തിയ പ്രവർത്തനങ്ങളെയും അവയുടെ ഫലങ്ങളെയും കുറിച്ച് ഇനി വിവരിക്കാം:

മുസ്‌ലിംകൾ ഇസ്‌ലാമിനോട് പുലർത്തിപ്പോന്ന ബന്ധം നിലനിർത്താൻ ശ്രമിച്ചതോടൊപ്പം താഴെപ്പറയുന്ന കാര്യങ്ങളിലും ശ്രദ്ധ ചെലുത്തുകയുണ്ടായി. സമുദായത്തിലെ സ്ത്രീകളെയും പുരുഷന്മാരെയും കുട്ടികളെയും ഇസ്‌ലാമികാധ്യാപനങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക, അതിന്റെ താൽപര്യങ്ങൾക്കനുസൃതമായി അവരുടെ വിശ്വാസ മണ്ഡലത്തെ ശുദ്ധീകരിക്കുക, ആരാധനാ കാര്യങ്ങളിൽ താൽപര്യം വളർത്തുക, സാമൂഹിക ജീവിതത്തെ സംസ്കാരസമ്പന്നമാക്കുക... ഉത്തമ സമുദായമെന്ന നിലക്ക് മുസ്‌ലിം സമൂഹത്തെ അവരുടെ ലക്ഷ്യത്തെക്കുറിച്ച് ബോധവാന്മാരാക്കുവാനും നന്മയുടെ സംസ്ഥാപനത്തിനും തിന്മയുടെ ഉഛാടനത്തിനും വേണ്ടി കൂട്ടായി യത്നിക്കാൻ പ്രേരണ ചെലുത്താനും ജമാഅത്ത് പ്രത്യേകം ഊന്നൽനൽകി പ്രവർത്തിക്കുകയുണ്ടായി. മുസ്‌ലിം സമൂഹത്തിൽ കാണപ്പെടുന്ന അസമത്വങ്ങൾ, അനിസ്‌ലാമിക സ്പർശമുള്ള ആചാരങ്ങൾ, ആഢംബരച്ചടങ്ങുകൾ എന്നിവ നീക്കാനും ശ്രമിക്കുകയുണ്ടായി. സമുദായത്തിലെ അനാഥകൾ, അശരണർ, വിധവകൾ, തൊഴിൽരഹിതർ, കഷ്ടപ്പാടനുഭവിക്കുന്ന മറ്റുള്ളവർ എന്നിവരെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കുന്ന പദ്ധതികളെക്കുറിച്ച് കൂട്ടായി ആലോചിക്കുക, അവരുടെ പാർപ്പിടസ്ഥാനങ്ങൾ വെടിപ്പുള്ളതും ആരോഗ്യകരവുമാക്കുക..... ചുരുക്കത്തിൽ ഉത്തമ സമുദായത്തിലെ അംഗങ്ങളെന്ന നിലക്ക് മേൽപറഞ്ഞ കാര്യങ്ങൾക്കനുസൃതമായി മുസ്‌ലിംകളെ മതപരമായും സാമൂഹികമായും വിദ്യാഭ്യാസപരമായും നാഗരികമായും ഉയർത്തിക്കൊണ്ടു വരികയും അവരെ സമഗ്രമായി സംസ്കരിക്കുകയുമായിരുന്നു ഈ കാലഘട്ടത്തിൽ ജമാഅത്ത് മുസ്‌ലിംകൾക്കിടയിൽ നടത്തിയ പ്രവർത്തനങ്ങളുടെ ലക്ഷ്യം.

ഒറ്റക്കും കൂട്ടായുമുള്ള കൂടിക്കാഴ്ചകൾ, വീടുകൾ തോറുമുള്ള സ്ക്വാഡ്, ജുമുഅഃ-പെരുന്നാൾ-നിക്കാഹ് ഖുതുബകൾ, പ്രത്യേകം ക്ഷണിക്കപ്പെട്ടവരുടെ യോഗങ്ങൾ, തെരുവു യോഗങ്ങൾ, സിമ്പോസിയം, സെമിനാർ, ചർച്ച, സ്റ്റെഡി സർക്കിൾ, സമ്മേളനങ്ങൾ, താൽക്കാലിക ബുക്ക് സ്റ്റാളുകൾ, ചാർട്ടുകൾ, ടീപാർട്ടി യോഗങ്ങൾ, സുഹൃദ്സമ്മേളനങ്ങൾ, ലഘുലേഖകൾ, കുടുംബ യോഗങ്ങൾ.... തുടങ്ങി വിവിധ മാർഗങ്ങൾ മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ സാധിക്കുന്നതിനു വേണ്ടി ഉപയോഗിക്കപ്പെട്ടു.

കൂടാതെ കഴിയുന്നത്ര പ്രദേശങ്ങളിൽ ഖുർആൻ പരിഭാഷകളും നബിചരിത്രഗ്രന്ഥങ്ങളും മറ്റ് ഇസ്‌ലാമിക സാഹിത്യങ്ങളും പത്രമാസികകളും വായനാക്കാർക്കു ലഭ്യമാക്കാനുള്ള ഏർപ്പാടുകളും ചെയ്യുകയുണ്ടായി.

1981-ൽ 932 ലൈബ്രറി-റീഡിംഗ് റൂമുകളും 240 സ്റ്റഡി സർക്കിളുകളുമാണ് ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടിരുന്നത്. ഇവക്കുപുറമെ, 85 നഴ്സറി സ്കൂളുകൾ, 266 മദ്രസകൾ, 344 ഭാഗികസമയ പാഠശാലകൾ, 36 സ്കൂളുകൾ, 23 കോളേജുകൾ, 701 പള്ളികൾ, 238 വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ എന്നിവയും ഉണ്ടായിരുന്നു. അഗതികളുടെയും അനാഥകളുടെയും സംരക്ഷണാർഥം പ്രവർത്തിക്കുന്ന 122 സ്ഥാപനങ്ങളും തൊഴിൽരഹിതരെയും സഹയാർഥികളെയും സഹായിക്കുവാൻ 144 പലിശരഹിത ഫണ്ടുകളും ഒട്ടേറെ സ്ഥലങ്ങളിൽ ചെറിയ ചെറിയ കുടിൽ വ്യവസായങ്ങളും ആശാവഹമായ രീതിയിൽ പ്രവർത്തിച്ചു വന്നിരുന്നു. കൂടാതെ, കഴിവനുസരിച്ച് ജനങ്ങളെ സഹായിച്ചുകൊണ്ടിരുന്ന 863 ബൈതുൽമാലുകളും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി ഉണ്ടായിരുന്നു.

സകാത്തിന്റെ സാമൂഹിക വിതരണത്തിന് തുടക്കം മുതലേ ജമാഅത്ത് ഊന്നൽ നൽകിയിരുന്നു. ഇതനുസരിച്ച് ഒട്ടേറെ സ്ഥലങ്ങളിൽ മാതൃകാപരമായ രീതിയിൽ സകാത്ത് സംഭരണവും വിതരണവും നടന്നു. കൂടാതെ 69 സ്ഥലങ്ങളിൽ വ്യവസ്ഥാപിത ചികിത്സാ കേന്ദ്രങ്ങളും ജമാഅത്ത് പ്രവർത്തകരുടെ മേൽനോട്ടത്തിൽ ഈ കാലത്ത് പ്രവർത്തിച്ചിരുന്നു.

കുടുംബജീവിതം ഭദ്രമാക്കുക, കുടുംബ പ്രശ്നങ്ങൾ കോടതികളിലെത്തിക്കാതെ ഒത്തുതീർപ്പാക്കുക, ഇസ്‌ലാമിലെ കുടുംബജീവിതത്തെകുറിച്ച് സമുദായാം

ഗങ്ങളെ ബോധവാന്മാരാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി കഴിയുന്നത്ര 'ശർഈ പഞ്ചായത്തുകൾ' സ്ഥാപിക്കാൻ ജമാഅത്ത്, പ്രവർത്തകർക്ക് നിർദേശം നൽകുകയുണ്ടായി. ശരീഅത്തിനെതിരിൽ ഉയർന്നുവരുന്ന ആക്ഷേപങ്ങൾക്കും ആരോപണങ്ങൾക്കും വലിയൊരളവോളം കാരണം ഇസ്‌ലാമിക കുടുംബനിയമത്തെക്കുറിച്ചുള്ള മുസ്‌ലിംകളുടെ അജ്ഞതയാണ്. ഈ അവസ്ഥക്കു പരിഹാരം കാണുക എന്നതും 'ശർഈ പഞ്ചാത്തു'കളുടെ ലക്ഷ്യമായിരുന്നു. 82-ൽ അവസാനിക്കുന്ന കാലഘട്ടത്തിൽ 16 സ്ഥലങ്ങളിൽ ഇത്തരം പഞ്ചായത്തുകൾ നിലവിൽ വന്നുകഴിഞ്ഞിരുന്നു.

ഇവക്കുപുറമെ ചില മഹല്ലുകൾ പ്രത്യേകം തെരഞ്ഞെടുത്ത് മാതൃകാ മുസ്‌ലിം സമൂഹങ്ങളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ സംസ്കരണ-സമുദ്ധരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാനും ജമാഅത്ത് ഈ കാലഘട്ടത്തിൽ ശ്രമിക്കുകയുണ്ടായി. 96 മഹല്ലുകളിലാണ് ഇത്തരം പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചിരിക്കുന്നത്.

1991-ലെ കണക്കനുസരിച്ച് 1464 ലൈബ്രറി-റീഡിംഗ് റൂമുകൾ, 53 നഴ്സറി സ്കൂൾ, 485 മുഴുസമയ മദ്രസകൾ, 411 ഭാഗികമായ മദ്രസകൾ, 41 സ്കൂളുകൾ, 10 കോളേജുകൾ, 1187 പള്ളികൾ, 43 സംസ്കരണ കമ്മിറ്റികൾ, 35 ശർഈ പഞ്ചായത്തുകൾ എന്നിവ ജമാഅത്തിനുണ്ട്. തെരഞ്ഞെടുക്കപ്പെട്ട 43 പ്രത്യേക സംസ്കരണ-സമുദ്ധാരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ചിരുന്നു.

**ഐക്യവും സഹകരണവും**

മുസ്‌ലിംകളുടെ ഐക്യത്തിനും സഹകരണത്തിനും ജമാഅത്ത് വർധിച്ച പ്രാധാന്യം നൽകിയിട്ടുണ്ട് എന്നും. സമുദായത്തിലെ തെറ്റായ പ്രവണതകളെ ധീരമായി തുറന്നുകാട്ടുകയും അതിനെതിരെ സമുദായാംഗങ്ങളെ ബോധവാന്മാരാക്കാൻ ശ്രമിക്കുകയും ചെയ്യുന്നതോടൊപ്പം വിവിധ കക്ഷികളും വിഭാഗങ്ങളുമായുള്ള സഹകരണവും രജ്ഞിപ്പും കാത്തുസൂക്ഷിക്കാൻ ജമാഅത്ത് ശ്രദ്ധിച്ചിട്ടുണ്ട്. ഇന്ത്യൻ മുസ്‌ലിംകളുടെ പൊതുവേദികളായ ദീനീ തഅ്ലീമീ കൗൺസിൽ, മുസ്‌ലിം മജ്‌ലിസെ മുശാവറ, മുസ്‌ലിം പേർസണൽ ലോ ബോർഡ് എന്നിവയുടെ രൂപീകരണത്തിലും സംഘാടനത്തിലും ജമാഅത്ത് വളരെ വലിയ പങ്കാണു വഹിച്ചിട്ടുള്ളത്.

എൺപതുകളിൽ രൂപീകൃതമായ ബാബരി മസ്ജിദ് കോ-ഓർഡിനേഷൻ കൗൺസിലിന്റെ പിന്നിലും ജമാഅത്ത് നിർണായകമായ പങ്കു വഹിക്കുകയുണ്ടായിട്ടുണ്ട്. ഈ പൊതുവേദികളെയെല്ലാം സജീവമാക്കി നിലനിർത്തുവാനും അവയുടെ പ്രവർത്തനങ്ങളെ സമുദായത്തിന് ഏറ്റവും ഗുണകരമാകുന്ന പാതയിൽ ഉറപ്പിച്ചു നിർത്തുവാനും ജമാഅത്ത് വഹിച്ചുകൊണ്ടിരിക്കുന്ന പങ്ക് അനിഷേധ്യമാണ്.

**അമുസ്‌ലിംകളിൽ**

അമുസ്‌ലിംകൾക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്താനും ഇസ്‌ലാമിനെയും മുസ്‌ലിംകളെയും സംബ്ധിച്ച തെറ്റിദ്ധാരണകൾ നീക്കി പരസ്പര ബന്ധവും സഹകരണവും സുദൃഢമാക്കാനുമുള്ള വിപുലമായ പ്രവർത്തനങ്ങൾ നടത്തപ്പെടുകയുണ്ടായി. ഒറ്റക്കും കൂട്ടായുമുള്ള കൂടിക്കാഴ്ചകൾ, പൊതുപ്രസംഗങ്ങൾ, ഹിജ്റ ശദാബ്ദിയാഘോഷങ്ങൾ, ഈദ് സൗഹൃദസമ്മേളനങ്ങൾ, ടീപാർട്ടി യോഗങ്ങൾ, സിമ്പോസിയങ്ങൾ, സെമിനാറുകൾ എന്നിവ ഇതിനായി സ്വീകരിക്കപ്പെട്ട മാർഗങ്ങളാണ്. വിവിധ ഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെടുന്ന സാഹിത്യങ്ങൾ, ലഘുലേഖകൾ എന്നിവയും പത്രപ്രസിദ്ധീകരണങ്ങളും ഇക്കാര്യത്തിൽ വലിയ പങ്കു വഹിക്കുന്നു. അമുസ്‌ലിം സഹോദരങ്ങളുടെ സാസ്കാരിക സമ്മേളനങ്ങൾ, രാഷ്ട്രീയ പാർട്ടികളുടെ യോഗങ്ങൾ, ഉൽസവമേളകൾ എന്നിവയോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന ബുക്ക് സ്റ്റാളുകൾ, വിതരണം ചെയ്യപ്പെടുന്ന പുസ്തകങ്ങൾ, ലഘുലേഖകൾ, നോട്ടീസുകൾ എന്നിവയും അമുസ്‌ലിംകളുമായി ബന്ധപ്പെടുന്നതിനുള്ള മാർഗങ്ങളാണ്.

ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി ഒട്ടേറെ അമുസ്‌ലിംകൾ ജമാഅത്തുമായി സഹകരിക്കാൻ മുന്നോട്ടുവരികയുണ്ടായി. 1972-82 കാലഘട്ടത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി 29,691 അമുസ്‌ലിം സഹോദരങ്ങളുമായി ജമാഅത്തിന് വ്യവസ്ഥാപിത ബന്ധമുണ്ടായിരുന്നു. 1240 പേർ ഫോറം പൂരിപ്പിച്ച് ജമാഅത്തിന്റെ മുആവനുകൾ (സഹകാരികൾ) ആയിത്തീരുകയും ചെയ്തിരുന്നു. ജമാഅത്ത് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിയ ജനക്ഷേമ-ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ധാരാളം അമുസ്‌ലിം സുഹൃത്തുക്കൾ സഹകരിക്കുകയുണ്ടായി. ആന്ധ്രയിലെ കൊടുങ്കാറ്റിനെയും ഗുജറാത്ത്, തമിഴ്നാട്, യു.പി, ബീഹാർ, ബംഗാൾ എന്നിവിടങ്ങളിലെ വെള്ളപ്പൊക്കത്തെയും തുടർന്ന് നടത്തപ്പെട്ട റിലീഫ് പ്രവർത്തനങ്ങളിൽ അവരിൽനിന്നു ലഭിച്ച സാമ്പത്തികവും കായികവുമായ സഹായസഹകരണങ്ങൾ വിലപ്പെട്ടതാണ്.

1991-ലെ കണക്കനുസരിച്ച് ഫോറം പൂരിപ്പിച്ച 2965 സഹോദരന്മാരും 41 സഹോദരന്മാരും ജമാഅത്തിന് മുആവിനുകൾ (അമുസ്‌ലിം സഹകാരികൾ) ആയുണ്ട്. ഇതിനുപുറമെ, 94,970 അമുസ്‌ലിം പുരുഷന്മാരുമായും 2,334 സ്ത്രീകളുമായും വ്യവസ്ഥാപിതമായ ബന്ധം പുലർത്തിവരികയും ചെയ്യുന്നു.

**സ്ത്രീകൾ**

സ്ത്രീകളുടെ ശിക്ഷണ പരിശീലനങ്ങളിലും ഈ കാലഘട്ടത്തിൽ ജമാഅത്ത് പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി. ചില സംസ്ഥാന കേന്ദ്രങ്ങളിൽ സ്ത്രീകൾക്കായി സ്ത്രീകൾ മേൽനോട്ടം വഹിക്കുന്ന പ്രത്യേകം വകുപ്പുകൾ തന്നെ സ്ഥാപിതമായി. 72-80ൽ നാടിന്റെ വിവിധ ഭാഗങ്ങളിൽ വനിതകൾക്ക് 309 ഹൽഖകൾ വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്നു.

1991-ലെ കണക്കനുസരിച്ച് വനിതകളിൽ 181 അംഗങ്ങളും 1810 പ്രവർത്തകരും ജമാഅത്തിനുണ്ട്. മുത്തഫിഖാത്തുകൾ 27,841 ആണ്. 400 വനിതാ ഹൽഖകളുണ്ട്. 80-കളിൽ എസ്.ഐ.ഒ.യുടെ മാതൃകയിലുള്ള വിദ്യാർഥിനിസംഘടനകൾ (ഗേൾസ് ഇസ്‌ലാമിക് ഓർഗനൈസേഷൻ) ചില സംസ്ഥാനങ്ങളിൽ നിലവിൽ വന്നിട്ടുള്ളതും ശ്രദ്ധേയമായ നേട്ടമാണ്.

**മുസ്‌ലിം പ്രശ്നങ്ങൾ**

മുസ്‌ലിംകളുമായ ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ജമാഅത്ത് സദാ ജാഗരൂകമായി പ്രവർത്തിച്ചുപോന്നിട്ടുണ്ട്. അലീഗർ യൂനിവേഴ്സിറ്റിയുടെ മുസ്‌ലിം സ്വഭാവം എടുത്തുകളയുന്ന രീതിയിൽ എഴുപതുകളുടെ ആദ്യത്തിൽ കൊണ്ടുവരപ്പെട്ട ബില്ല്, മത സ്വാതന്ത്ര്യം ഹനിക്കാനുദ്ദേശിച്ച് അവതരിപ്പിക്കപ്പെട്ട ത്യാഗി ബില്ല്, ശരീഅത്ത് വിരുദ്ധമായ ദത്തവകാശ ബില്ല്, മുസ്‌ലിം വിവാഹമോചിതയുടെ ജീവനാംശം സംബന്ധിച്ച് എഴുപതുകളിലുണ്ടായ നിയമഭേദഗതി, ഇതേ പ്രശ്നത്തിൽ തന്നെയുള്ള 1984-ലെ സുപ്രീംകോടതി വിധി (ശബാനു കേസ്), ജാമിഅ മില്ലിയ്യ യൂനിവേഴ്സിറ്റി ആക്ട് തുടങ്ങിയവക്കെതിരിൽ ജമാഅത്ത് ഒറ്റക്കും കൂട്ടായും ഉറക്കെ ശബ്ദിച്ചിട്ടുണ്ട്. എഴുപതുകളുടെ ആദ്യ പാതിയിൽ ശരീഅത്തിനെതിരെ കമ്യൂണിസ്റ്റ് സെക്യുലറിസ്റ്റ് മോഡേണിസ്റ്റ് വിഭാഗങ്ങൾ അഴിച്ചുവിട്ട ദുഷ്പ്രചാരണങ്ങളെ ചെറുക്കാൻ ജമാഅത്ത് ശക്തമായി രംഗത്തുവരികയുണ്ടായി. എൺപതുകളിൽ ശബാനു കേസിനെ തുടർന്നുണ്ടായ ശരീഅത്ത് വിരുദ്ധ പ്രചാരണങ്ങളെ ചെറുക്കുന്നതിലും ജമാഅത്ത് സുപ്രധാനമായ പങ്കു വഹിച്ചിട്ടുണ്ട്. ശരീഅത്ത് നിയമത്തിൽ കൈകടത്താൻ സർക്കാരിന്റെ ഭാഗത്തുനിന്ന് നീക്കങ്ങൾ ഉണ്ടായപ്പോഴെല്ലാം അതിനെതിരിൽ ജമാഅത്ത് ധീരമായി രംഗത്തുവന്നിട്ടുണ്ട്.